പുതിയ റേഷൻ കാർഡ് വിതരണം

231 (1315) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നു വരുന്ന പുതിയ റേഷൻ കാർഡ് വിതരണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുക്കുകയും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകിയും രേഖപ്പെടുത്തിയ ഡാറ്റായുടെ കൃത്യത ഉറപ്പുവരുത്തുകയാണ്. റേഷൻ കാർഡ് നൽകുമ്പോൾ കൃത്യമായ കാർഡ് ലഭ്യമാക്കാൻ വേണ്ടിയാണ് ഈ സംവിധാനം ഒരുക്കിയത്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകൾ

232 (1316) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly